പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIII
# (SUBJECT COMMITTEE XIII)

# സാമൂഹ്യസേവനം
# (SOCIAL SERVICES)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2025-2026)

## FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2025-2026)

2025 മാർച്ച് 3-ാം തീയതി സമർപ്പിച്ചത്
(Presented on 3rd March, 2025)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2025

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIII

# (SUBJECT COMMITTEE XIII)

# സാമൂഹ്യസേവനം

# (SOCIAL SERVICES)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്
(2025-2026)

FIFTH REPORT ON THE SCRUTINY OF DEMANDS
FOR GRANTS (2025-2026)

306/2025.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XIII
# (സാമൂഹ്യസേവനം)
# (2023-2026)

**ഘടന**

<u>ചെയർപേഴ്സൺ</u>:

ശ്രീ. ഒ. ആർ. കേളു

പട്ടികജാതി പട്ടികവർഗ്ഗ  പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി

<u>എക്സ്-ഒഫീഷ്യോ അംഗം:</u>

ഡോ. ആർ. ബിന്ദു

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. ആൻസലൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. സി. സി. മുകുന്ദൻ

ശ്രീ. എം. നൗഷാദ്

ശ്രീ. യു. ആർ. പ്രദീപ്

ശ്രീമതി ശാന്തകുമാരി കെ.

<u>നിയമസഭാ  സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണകുമാർ, സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. വിജയ് അമൃതരാജ് എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. അൻവർ സുൽത്താൻ,  അണ്ടർ സെക്രട്ടറി

# അവതാരിക

2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ, സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതിയുടെ ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

2025 ഫെബ്രുവരി 18, 21 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗ നിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക വിഭാഗങ്ങൾ/ന്യൂനപക്ഷവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി യോഗങ്ങളിൽ പരിഗണിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം ആരായുകയും ചെയ്തിരുന്നു.

ഭരണഘടനാപരമായ സാമ്പത്തിക പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2025 ഫെബ്രുവരി 27-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഒ. ആർ. കേളു,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2025 മാർച്ച് 3.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 3487.9153 കോടി രൂപ |
| ചാർജ്ജ് ചെയ്തത് | : | 3000 രൂപ |

### പട്ടികജാതി വികസന വകുപ്പ്

2225-01-277-54—പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണ ചെലവുകൾ

ബഡ്ജറ്റ് വിഹിതം : ഇല്ല (നോൺ പ്ലാൻ)

1. പാലക്കാട് മെഡിക്കൽ കോളേജ് പൂർണ്ണമായും പ്രവർത്തന സജ്ജമാവുകയും 500 ബെഡ് IP ആരംഭിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ ശമ്പളം, സ്റ്റൈപ്പന്റ്, മെഡിക്കൽ റീ-ഇംബേഴ്സമെന്റ് എന്നിവയ്ക്കായി 2025-26 സാമ്പത്തികവർഷം യഥാക്രമം 46 കോടി, 8 കോടി, 10 ലക്ഷം രൂപ വീതം ആവശ്യമായി വരുന്നതിനാൽ, ഈ ശീർഷകത്തിൽ 75 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-01-277-53-12—പോസ്റ്റ് മെട്രിക് സ്റ്റുഡൻസിനുള്ള അധിക സംസ്ഥാന സഹായം-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും.

ബഡ്ജറ്റ് വിഹിതം : 221.47 കോടി രൂപ (പ്ലാൻ)

2. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം പൂർണ്ണമായും സംസ്ഥാന ബഡ്ജറ്റിൽ നിന്നും വിതരണം ചെയ്യുന്ന വിവിധ ഇനങ്ങൾ ഉൾക്കൊള്ളുന്ന ഈ ശീർഷകത്തിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-01-282-96-34-3—ആരോഗ്യ സംരക്ഷണ പദ്ധതി - മറ്റു ചെലവുകൾ - മറ്റിനം

ബഡ്ജറ്റ് വിഹിതം : 59.7571 കോടി രൂപ (പ്ലാൻ)

3. ഏക വരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള സഹായം, ചികിത്സാ ധനസഹായം, ഇതര ആരോഗ്യ സുരക്ഷാ ധനസഹായങ്ങൾ എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള

തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-800-99-12—മറ്റ് സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകൾ - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും.

ബഡ്ജറ്റ് വിഹിതം : 16 കോടി രൂപ (നോൺ പ്ലാൻ)

4. ജനറൽ വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനായി പ്രതിവർഷം 60,000 ജനറൽ വിഭാഗ വിദ്യാർത്ഥികൾ അപേക്ഷിക്കാറുണ്ട്. ഇവരുടെ സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനായി ശരാശരി 30 കോടി രൂപ പ്രതിവർഷം ആവശ്യമാണെങ്കിലും എല്ലാ വർഷവും ഈ ഇനത്തിൽ ബഡ്ജറ്റിൽ 16 കോടി രൂപ മാത്രമാണ് വകയിരുത്തുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. മുൻ വർഷങ്ങളിലെ കുടിശ്ശിക തീർത്ത് ആനുകൂല്യം വിതരണം ചെയ്യുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 41 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികവർഗ്ഗ വികസന വകുപ്പ്

2225-02-001-97—ഗോത്രവർഗ്ഗ പദ്ധതിയുടെ കീഴിൽ വരുന്ന പരിപാടികൾ മോണിറ്റർ ചെയ്യുന്നതിന് ഭരണം ശക്തിപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം : 1.6 കോടി രൂപ (പ്ലാൻ)

5. പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ, സ്കാനർ എന്നിവ വാങ്ങുക, വാഹനവാടക നൽകുക, വകുപ്പിന്റെ നവീകരണം, ഡിജിറ്റൈസേഷൻ എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 80 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-102-94—പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ (പ്ലാൻ)

6. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് 1 ലക്ഷം രൂപയും അനാഥരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് 1.5 ലക്ഷം രൂപയും വിവാഹ ധനസഹായം നൽകിവരുന്ന ഈ പദ്ധതിയിൽ അപേക്ഷകരുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചു വരുന്ന

സാഹചര്യത്തിൽ 2025-26 സാമ്പത്തിക വർഷം അപേക്ഷിക്കുന്ന എല്ലാവർക്കും ആനുകൂല്യം നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-102-72-34-3—കേരള ട്രൈബൽ പ്ലസ് (MGNREGS പദ്ധതിക്ക് കീഴിൽ അധിക തൊഴിലും വേതനവും) -മറ്റു ചെലവുകൾ -മറ്റിനം.

ബഡ്ജറ്റ് വിഹിതം : 35 കോടി രൂപ (പ്ലാൻ)

7. പട്ടികവർഗ്ഗക്കാർക്ക് അധിക തൊഴിൽ നൽകുന്നതിനായി MGNREGS പദ്ധതിക്ക് കീഴിൽ നടപ്പിലാക്കി വരുന്ന ഈ പദ്ധതിയിൽ 2025-26 സാമ്പത്തിക വർഷം മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുള്ളതിനാലും തൊഴിലുറപ്പിന്റെ പ്രതിദിന വേതനം കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചതിനാലും വകയിരുത്തി യിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-102-65—പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യങ്ങളിലെ ഗുരുതരമായ വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജ്

ബഡ്ജറ്റ് വിഹിതം : 4.03 കോടി രൂപ (പ്ലാൻ)

8. അംബേദ്കർ സെറ്റിൽമെന്റ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും സഹായം ആവശ്യമുള്ളതുമായ ഉന്നതികളിൽ അടിസ്ഥാന സൗകര്യം, സമഗ്ര വികസനം, ക്ഷേമം എന്നിവ ലക്ഷ്യമിട്ടുള്ള പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-198-50—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 41.16 ലക്ഷം രൂപ (നോൺ പ്ലാൻ)

9. റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് ആയി തുക അനുവദിക്കുന്ന ഈ ശീർഷകത്തിൽ മിശ്രവിവാഹ ധനസഹായത്തിനായി വകയിരുത്തിയിട്ടുള്ള 25 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ജില്ലാ ഓഫീസുകളിൽ തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകളിന്മേൽ ധനസഹായം അനുവദിക്കുന്നതിന് ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-99-12—മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും.

ബഡ്ജറ്റ് വിഹിതം : 17.325 കോടി രൂപ (നോൺ പ്ലാൻ)

10. സംസ്ഥാനത്തെ പത്താം ക്ലാസ്സ് വരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റും പ്രതിമാസ സ്റ്റൈപ്പന്റും അനുവദിച്ച് നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.675 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-98—മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾ-സ്കോളർഷിപ്പുകൾ

ബഡ്ജറ്റ് വിഹിതം : 6.3 കോടി രൂപ (നോൺ പ്ലാൻ)

11. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മെട്രിക്കുലേഷന് ശേഷമുള്ള പഠനത്തിന് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, പോക്കറ്റ് മണി, ബോർഡിംഗ് എന്നിവയ്ക്കുള്ള ചെലവ് വഹിക്കുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 3.7 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-94-34-3 —ഗിരിവർഗ്ഗ ഹോസ്റ്റൽ - മറ്റ് ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം : 8.625 കോടി രൂപ (നോൺ പ്ലാൻ)

12. പ്രീ മെട്രിക് ഹോസ്റ്റലുകളിലെ 5518 വിദ്യാർത്ഥികളുടെ ഡയറ്ററി ചാർജ്ജ് ഇനത്തിൽ 16.55 കോടി രൂപയും യൂണിഫോം, പഠനോപകരണങ്ങൾ എന്നിവയ്ക്കായി 1.65 കോടി രൂപയും ഉൾപ്പെടെ ആകെ 18.62 കോടി രൂപ ഈ ശീർഷകത്തിൽ ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-29-02-12—പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (75% സി.എസ്.എസ്. വിഹിതം)സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

ബഡ്ജറ്റ് വിഹിതം : 12 കോടി രൂപ (പ്ലാൻ)

13. 2.5 ലക്ഷം രൂപയിൽ കൂടുതൽ വരുമാനപരിധിയുള്ള വിദ്യാർത്ഥികൾക്ക് സംസ്ഥാന വിഹിതത്തിൽ നിന്നും ഒറ്റത്തവണ തുക അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 13 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-25—വിദേശത്തും സംസ്ഥാനത്തിന് പുറത്തും പഠിക്കുന്നതിനുള്ള സ്കോളർഷിപ്പുകൾ

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ (പ്ലാൻ)

14. അന്യസംസ്ഥാനത്ത് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-23 —വിദ്യാവാഹിനി

ബഡ്ജറ്റ് വിഹിതം : 30 കോടി രൂപ (പ്ലാൻ)

15. ഒറ്റപ്പെട്ട പട്ടികവർഗ്ഗ ഉന്നതികളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ലഭ്യമാക്കുന്ന ഈ പദ്ധതിക്കായി ഒരു മാസം ഏകദേശം 3 കോടി രൂപ ആവശ്യമായി വരുന്നതിനാലും മുൻ വർഷത്തെ കുടിശ്ശിക തീർക്കുവാനുള്ളതിനാലും പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-282-91—പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ രക്ഷ

ബഡ്ജറ്റ് വിഹിതം : 32 കോടി രൂപ (പ്ലാൻ)

16. പട്ടികവർഗ്ഗക്കാരുടെ സമഗ്ര ആരോഗ്യവികസനത്തിനും പരിപാലനത്തിനുമുള്ള പദ്ധതിയിൽ ചികിത്സാ ധനസഹായം, ഏകവരുമാന ദായകന്റെ മരണത്തെ തുടർന്നുള്ള ധനസഹായം എന്നിവയ്ക്കുള്ള അപേക്ഷകൾ വർദ്ധിച്ച് വരുന്നതിനാലും ആശുപത്രികൾ വഴി നൽകുന്ന സമഗ്ര ആരോഗ്യ സുരക്ഷാപദ്ധതിയിൽ കുടിശ്ശികയുള്ളതിനാലും പ്രസ്തുത ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-794-99 —പട്ടികവർഗ്ഗ വികസനം ഭരണം -വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 4.5 ലക്ഷം രൂപ (നോൺ പ്ലാൻ)

17. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള നെടുമങ്ങാട്, ഇടുക്കി, കൽപ്പറ്റ, നിലമ്പൂർ ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർമാരുടെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടക നികുതി ഇനത്തിൽ കുടിശ്ശികയുള്ളതിനാൽ പ്രസ്തുത ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-800-92—<u>ട്രൈബൽ ബോർഡിലെ അംഗങ്ങൾക്കുള്ള യാത്രാ ചെലവ്</u>

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

18. പട്ടികവർഗ്ഗ ഉപദേശക സമിതി അംഗങ്ങളുടെ യാത്രാ ചെലവ് അനുവദിക്കുന്നതിനായുള്ള ഈ ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**കിർത്താഡ്സ്**

2225-02-001-95—<u>കിർത്താഡ്സ് - ഗവേഷണവും പരിശീലനവും</u>

ബഡ്ജറ്റ് വിഹിതം : 90 ലക്ഷം രൂപ (പ്ലാൻ)

19. 2025-26 സാമ്പത്തിക വർഷത്തേയ്ക്ക് ഈ ശീർഷകത്തിൽ 1.3548 കോടി രൂപ ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>ഈ ശീർഷകത്തിൽ 45.48 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2225-02-800-56 : <u>ആദികലാഗ്രാമം</u>

ബഡ്ജറ്റ് വിഹിതം : 90 ലക്ഷം രൂപ (പ്ലാൻ)

20. 2025-26 സാമ്പത്തിക വർഷത്തേയ്ക്ക് 94 ലക്ഷം രൂപയാണ് ഈ ശീർഷകത്തിൽ ആവശ്യമായിവരുന്നത്. ആയതിനാൽ <u>ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2225-80-001-99-04-1—<u>കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - യാത്രാ ചെലവുകൾ-യാത്രാബത്ത</u>

ബഡ്ജറ്റ് വിഹിതം : 1 ലക്ഷം രൂപ (നോൺ പ്ലാൻ)

21. പട്ടികജാതി പട്ടികവർഗ്ഗ സമുദായക്കാരുടെ ഉന്നമനത്തിനായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക ഗവേഷണങ്ങൾ നടത്തുക എന്നിവയും, ജാതി നിർണ്ണയത്തിന്റെ ഭാഗമായി വിവിധ താലൂക്കുകളിൽ നിന്നും പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ, ബഹു. ഹൈക്കോടതി എന്നിവിടങ്ങളിൽ നിന്നും വരുന്ന ജാതി കേസുകളുടെയും സ്കൂട്ടിനി കമ്മിറ്റി, സ്ക്രീനിംഗ്

കമ്മിറ്റി എന്നിവയ്ക്കു വേണ്ട അന്വേഷണ റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കേണ്ടതും ഈ വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളായതിനാൽ പ്രസ്തുത കാര്യങ്ങൾക്കായി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് യാത്രാബത്ത അനുവദിക്കുന്നതിനും നിലവിലുള്ള കുടിശ്ശിക തീർക്കുന്നതിനുമായി പ്രസ്തുത ശീർഷകത്തിൽ 9.7826 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-05-2—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 2.22 ലക്ഷം രൂപ (നോൺ പ്ലാൻ)

22. കിർത്താഡ്സിന് നിലവിൽ ഒരു വർഷത്തേയ്ക്ക് വൈദ്യുതി ചെലവ് ഇനത്തിൽ ഏകദേശം 5,27,000 രൂപ ആവശ്യമുള്ളതിൽ 2.22 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ 3.28 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-05-3—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)- ഓഫീസ് ചെലവുകൾ- ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : 54,000 രൂപ (നോൺ പ്ലാൻ)

23. വകുപ്പിന് നിലവിലുള്ള ടെലിഫോൺ കണക്ഷനുകൾക്ക് ഒരു വർഷത്തേയ്ക്ക് 55,000 രൂപയും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള KSWAN കണക്ഷന് ഒരു വർഷത്തേയ്ക്ക് 55,000 രൂപയും ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 56,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-05-4—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)- ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : 69,000 രൂപ (നോൺ പ്ലാൻ)

24. കിർത്താഡ്സിന്റെ ഓഫീസ് ചെലവുകൾ നിർവ്വഹിക്കുന്നതിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.31 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-26—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-ഔദ്യോഗിക ഭാഷാ പ്രയോഗം

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

25. ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ നടത്താനും ഔദ്യോഗിക ഭാഷാ നയം നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനുമായി 2025-26 സാമ്പത്തിക വർഷത്തിൽ ടോക്കൺ തുക മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ 49,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-99—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-വിവര സാങ്കേതിക വിദ്യ

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

26. 60 സ്ഥിരം ഉദ്യോഗസ്ഥരുള്ളതും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതുമായ കിർത്താഡ്സ് വകുപ്പിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിനും വകുപ്പിലേയ്ക്ക് ആവശ്യമായ സോഫ്റ്റ്‌വെയറുകൾ വാങ്ങുന്നതിനും ടോക്കൺ തുക മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ 1.99 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഉപശീർഷകം ഉൾപ്പെടുത്തേണ്ട ശിപാർശകൾ**

27. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് കിർത്താഡ്സിൽ വർക്ക് സ്റ്റഡി നടത്തി രണ്ട് സ്ഥിരം ക്ലറിക്കൽ തസ്തികകൾ അനുവദിച്ചിരുന്നുവെങ്കിലും സാമ്പത്തിക പ്രതിസന്ധി കാരണം പ്രസ്തുത തസ്തികകൾക്ക് സർക്കാർതലത്തിൽ അംഗീകാരം ലഭിച്ചിരുന്നില്ലെന്നും അതിനാൽ K-Disc മുഖേന വകുപ്പിൽ 2 ക്ലറിക്കൽ അസിസ്റ്റന്റ് നിയമനം നടത്തിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. അവർക്ക് പ്രതിമാസം 10,000 രൂപ നിരക്കിൽ സ്റ്റൈപ്പെന്റ് അനുവദിക്കുന്നതിനായി 2225-80-001-99 എന്ന ശീർഷകത്തിൻകീഴിൽ (12) എന്ന ഡീറ്റയിൽഡ് ഹെഡ് ഉൾപ്പെടുത്തി പ്രസ്തുത ശീർഷകത്തിൽ 2.4 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. അഞ്ച് വാഹനങ്ങൾ ഉപയോഗിച്ചിരുന്ന കിർത്താഡ്സിൽ നിലവിൽ ഒരു വാഹനംപോലും ഇല്ലാത്തതിനാലും വകുപ്പിലെ സ്ഥിരം ഉദ്യോഗസ്ഥരും താല്ക്കാലിക ഉദ്യോഗസ്ഥരും വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഉൾനാടൻ ഉന്നതികളിലും

ഹൈറേഞ്ച് മേഖലകളിലും ഉൾപ്പെടെ ഫീൽഡ്തല യാത്രപോകേണ്ടതിനാലും ഇത്തരത്തിലുള്ള യാത്രകൾക്ക് ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കാൻ സാധിക്കാത്തതിനാലും 2025-26 സാമ്പത്തികവർഷം രണ്ട് ഡീസൽ എഞ്ചിൻ വാഹനങ്ങൾ വാങ്ങുന്നതിനായി 2225-80-001-99-21 എന്ന ശീർഷകത്തിൻ കീഴിൽ (1) എന്ന ഡീറ്റയിൽഡ് ഹെഡ് ഉൾപ്പെടുത്തി പ്രസ്തുത ശീർഷകത്തിൽ 30 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. അപ്രന്റീസ്ഷിപ്പ് ആക്ട് 1961-ന്റെ അടിസ്ഥാനത്തിൽ 30-4-2024-ലെ സർക്കാർ ഉത്തരവ് പ്രകാരം കിർത്താഡ്സിൽ 5 അപ്രന്റീസ്ഷിപ്പ് നിയമനം നടത്തിയിട്ടുള്ളതും അവർക്ക് പ്രതിമാസം 7,000 രൂപ നിരക്കിൽ സ്റ്റൈപ്പെന്റ് അനുവദിക്കേണ്ടതുമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. നിലവിൽ ഈ വകുപ്പിന്റെ 2225-02-001-95-കിർത്താഡ്സ്-ഗവേഷണവും പരിശീലനവും എന്ന ശീർഷകത്തിൽ നിന്നും സ്റ്റൈപ്പെന്റ് തുക വഹിക്കുന്നതിനായാണ് അനുമതി ലഭിച്ചിട്ടുള്ളതെങ്കിലും പ്രസ്തുത ശീർഷകത്തിലുള്ള തുക വകുപ്പിന്റെ പ്ലാൻ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായതിനാൽ സ്റ്റൈപ്പെന്റ് നൽകുന്നതിനുവേണ്ടി 2225-80-001-99 എന്ന ശീർഷകത്തിൽ (93) എന്ന ഡീറ്റയിൽഡ് ഹെഡ് ഉൾപ്പെടുത്തി പ്രസ്തുത ശീർഷകത്തിൽ 4.2 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. അഞ്ച് വാഹനങ്ങൾ ഉപയോഗിച്ചിരുന്ന കിർത്താഡ്സിൽ നിലവിൽ ഒരു വാഹനംപോലും ഇല്ലാത്ത സാഹചര്യം നിലനിൽക്കുന്നതിനാലും കേരളത്തിലുടനീളമുള്ള വകുപ്പിന്റെ പ്രവർത്തനം നടപ്പിലാക്കുന്നതിന് വാഹനം അത്യന്താപേക്ഷിതമായതിനാലും Anert മുഖേന 2 ഇലക്ട്രിക് വാഹനങ്ങൾ വാടക നിരക്കിൽ സജ്ജീകരിക്കുന്നതിനായി 2225-80-001-99 എന്ന ശീർഷകത്തിന് കീഴിൽ (97) എന്ന ഡീറ്റയിൽഡ് ഹെഡ് ഉൾപ്പെടുത്തി പ്രസ്തുത ശീർഷകത്തിൽ 8 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ

2225-80-800-96-31—കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിനുള്ള കമ്മീഷൻ സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം : 1.3264 കോടി രൂപ (നോൺ പ്ലാൻ)

31. കമ്മീഷൻ അംഗങ്ങളുടെയും ജീവനക്കാരുടെയും ശമ്പള ഇനത്തിൽ 3.6647 കോടി രൂപയാണ് 2025-26 സാമ്പത്തികവർഷത്തെ ചെലവായി കണക്കാക്കിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.3383 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-800-96-36—കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ - സഹായധനം -ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 53.39 ലക്ഷം രൂപ (നോൺ പ്ലാൻ)

32. സാധാരണ ചെലവുകൾക്ക് പുറമേ കമ്മീഷനിലെ കാലഹരണപ്പെട്ട രണ്ട് വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ വാങ്ങേണ്ടതിനാൽ ഈ ശീർഷകത്തിൽ 93.4 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പിന്നാക്ക വിഭാഗ വികസന വകുപ്പ്**

2225-03-102-94—കുംഭാര കോളനികളുടെ വികസനം

4225-03-102-99

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

33. സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളി സമുദായങ്ങൾ അധിവസിക്കുന്ന കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം, തൊഴിൽ നവീകരണം എന്നിവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. 2025-26 സാമ്പത്തിക വർഷം പരമാവധി 4 കോടി രൂപ ചെലവഴിച്ച് കുറഞ്ഞത് 6 കോളനികളുടെ വികസനം ലക്ഷ്യമിടുന്നതിനാൽ മേൽപ്പറഞ്ഞ രണ്ട് ശീർഷകങ്ങളിലും കൂടി 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-03-277-99-12—മെട്രിക്കുലേഷനുശേഷമുള്ള പഠനങ്ങൾ - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

ബഡ്ജറ്റ് വിഹിതം: 40 കോടി രൂപ (പ്ലാൻ)

34. 2024-25 വർഷത്തെ വിദ്യാഭ്യാസാനുകൂല്യങ്ങളും മുൻ വർഷത്തെ കുടിശ്ശികയും അടക്കം കുറഞ്ഞത് 500 കോടി രൂപ നൽകാനുള്ള സാഹചര്യത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശിർഷകത്തിൽ 400 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-03-800-81—ഒ.ബി.സി. യുള്ള അഡ്വക്കേറ്റ് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 12 ലക്ഷം രൂപ (നോൺ പ്ലാൻ)

35. സാമൂഹ്യനീതി ഉറപ്പാക്കുന്നതിനായി ജുഡീഷ്യറിയിൽ മറ്റ് പിന്നാക്ക സമുദായങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്നവർക്ക് 1 ലക്ഷം രൂപ വാർഷിക വരുമാനത്തിന് വിധേയമായി 12,000 രൂപ നിരക്കിൽ 3 വർഷത്തേക്ക് ഗ്രാന്റ് നൽകുന്ന ഈ ശീർഷകത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശിക നൽകേണ്ടതിനാലും 2025-26 സാമ്പത്തിക വർഷം ഈ പദ്ധതി പ്രകാരമുള്ള അപേക്ഷകരുടെ എണ്ണം ഗണ്യമായി വർദ്ധിക്കുവാനിടയുള്ളതിനാലും ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4225-03-190-99—പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവർക്കും പട്ടികജാതിയിലേക്ക് ശിപാർശ ചെയ്യപ്പെട്ടവർക്കുമായുള്ള സംസ്ഥാന വികസന കോർപ്പേറേഷൻ

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

36. കോർപ്പറേഷൻ 2025-26 സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന ലക്ഷ്യ ജനവിഭാഗങ്ങൾക്കായുള്ള ക്ഷേമ/സാമൂഹ്യ വികസന പദ്ധതികളും വായ്പാ പദ്ധതികളും നടപ്പിലാക്കുന്നതിലേക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 24.92 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4225-03-190-98—കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 11 കോടി രൂപ (പ്ലാൻ)

37. സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗക്കാരുടെയും മതന്യൂനപക്ഷ വിഭാഗങ്ങളുടെയും സാമൂഹിക സാമ്പത്തിക പുരോഗതി ലക്ഷ്യമിടുന്ന കോർപ്പറേഷൻ, ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ മറ്റ് പിന്നാക്ക വിഭാഗത്തിനുതകുന്ന പരിപാടികൾ നടപ്പിലാക്കിവരുന്നു. ദേശീയ ഏജൻസികളുടെ പദ്ധതികൾക്ക് ആനുപാതികവിഹിതം കണ്ടെത്തുന്നതിനും തനത് പദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള മൂലധന സഹായം അനുവദിക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 59 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4225-03-190-97—<u>കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ മാർക്കറ്റിംഗ് വികസന കോർപ്പറേഷൻ - ഷെയർ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ</u>

ബഡ്ജറ്റ് വിഹിതം : 1.8 കോടി രൂപ (പ്ലാൻ)

38. സംസ്ഥാനത്തെ പരമ്പരാഗത കളിമൺപാത്ര നിർമ്മാണ ജനവിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ വികസനം ലക്ഷ്യമാക്കി സർക്കാരിന്റെ പൂർണ്ണ സഹായത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനം നിലിവിൽ നടപ്പിലാക്കിവരുന്ന വ്യക്തിഗത ഗ്രൂപ്പ് ലോണുകൾക്ക് പുറമേ 2025-26 സാമ്പത്തിക വർഷം മുതൽ 5 വായ്പാ പദ്ധതികൾ കൂടി നടപ്പാക്കുന്നതിനായി അധിക തുക ആവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ <u>ഈ ശീർഷകത്തിൽ 2.2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2225-03-800-99-31—<u>പിന്നാക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ (സഹായധനം) - ശമ്പളം</u>

ബഡ്ജറ്റ് വിഹിതം : 1.943 കോടി രൂപ (നോൺ പ്ലാൻ)

39. കമ്മീഷൻ ചെയർമാൻ, മെമ്പർമാർ, ജീവനക്കാർ എന്നിവരുടെ ശമ്പളത്തിന് മാസം 20 ലക്ഷം രൂപ നിരക്കിൽ 2025-26 സാമ്പത്തിക വർഷം 240 ലക്ഷം രൂപയും ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 2019 വർഷത്തെ ശമ്പള പരിഷ്കരണ കുടിശ്ശിക, പെൻഷൻ കുടിശ്ശിക, കാലാവധി പൂർത്തിയാകുന്ന ചെയർമാൻ (രണ്ട് ടേം), മെമ്പർമാർ എന്നിവരുടെ ആർജ്ജിതാവധിയുടെ ടെർമിനൽ സറണ്ടർ തുക എന്നിവ അനുവദിക്കുന്നതിനായി <u>ഈ ശീർഷകത്തിൽ 1.097 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2225-03-800-99-35—<u>പിന്നാക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ- മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

40. കമ്മീഷൻ ഓഫീസിലെ രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ വാഹനത്തിനുപകരം പുതിയ വാഹനം വാങ്ങുന്നതിനും ഓഫീസിൽ e-CDESK നടപ്പിലാക്കുന്നതിനുമായി <u>ഈ ശീർഷകത്തിൽ 11.49 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## ധനാഭ്യർത്ഥന നമ്പർ—XLVI

## സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

വോട്ട് ചെയ്തത് : 15716.4721 കോടി രൂപ

ചാർജ്ജ് ചെയ്തത് : 1,000 രൂപ

### സാമൂഹ്യനീതി വകുപ്പ്

2235-02-101-89—ഭിന്നശേഷിക്കാർക്ക് വേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 1.2334 കോടി രൂപ (നോൺ പ്ലാൻ)

41. 2025-26 സാമ്പത്തിക വർഷം ഭിന്നശേഷിക്കാർക്കുള്ള ഭവനങ്ങൾക്ക് ഗ്രാന്റ് നല്കുന്നതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ജില്ലാ പഞ്ചായത്ത് ശീർഷകത്തിൽ 75.6 ലക്ഷം രൂപയും മുനിസിപ്പാലിറ്റി ശീർഷകത്തിൽ 1.66 ലക്ഷം രൂപയും ഉൾപ്പെടെ പ്രസ്തുത ശീർഷകത്തിൽ ആകെ 77.26 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-101-69-03—വൈകല്യം മുൻകൂർ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വൈകല്യ ബാധിതരുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുനരധിവാസത്തിനുമുള്ള സംസ്ഥാന സംരംഭം - ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റേഴ്സ്

ബഡ്ജറ്റ് വിഹിതം : 10.25 കോടി രൂപ (പ്ലാൻ)

42. കുട്ടികളിലെ വൈകല്യങ്ങളും വളർച്ചാ മുരടിപ്പും പ്രാരംഭ പരിശോധനയിൽ തന്നെ കണ്ടെത്തി വൈകല്യത്തിന്റെ തോത് കുറയ്ക്കുന്നതിന് വാതിൽപ്പടി സേവനങ്ങൾ നടപ്പാക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 5.8615 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-101-69-08—ട്രെയിനിംഗ്, വർക്ക് ഷോപ്പുകൾ ഗവേഷണവും പുതിയസംരംഭങ്ങളും

ബഡ്ജറ്റ് വിഹിതം : 1.25 കോടി രൂപ (പ്ലാൻ)

43. ഭിന്നശേഷിക്കാരുടെ സെൻസസ് നടപ്പിലാക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-101-57—വെള്ളപ്പൊക്കത്തിൽ ഇരയായവരിൽ വൈകല്യമുള്ളവർക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 20 ലക്ഷം രൂപ (പ്ലാൻ)

44. 2020-21-ലുണ്ടായ പ്രളയത്തിൽ സഹായ ഉപകരണങ്ങൾ നഷ്ടപ്പെട്ട ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ ലഭ്യമാക്കിയ വകയിൽ NIPMR, KSDAWC എന്നീ ഏജൻസികൾക്ക് കുടിശ്ശിക നിലനിൽക്കുന്നതിനാൽ പ്രസ്തുത ശീർഷകത്തിൽ 5.47 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-104-97—സംരക്ഷണ കേന്ദ്രങ്ങൾ

ബഡ്ജറ്റ് വിഹിതം : 66.24 ലക്ഷം രൂപ (നോൺപ്ലാൻ)

45. 2025-26 സാമ്പത്തിക വർഷത്തെ ഗ്രാന്റ് മുഴുവൻ കൊടുത്ത് തീർക്കുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40.55 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-104-89—അനാഥാലയ നിയന്ത്രണ ബോർഡ്

ബഡ്ജറ്റ് വിഹിതം : 43.64 ലക്ഷം രൂപ (നോൺപ്ലാൻ)

46. സാലറി, നോൺസാലറി ചെലവുകൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 98.82 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-107-98-36—സന്നദ്ധ സംഘടനകൾക്കുള്ള സഹായം - സന്നദ്ധ സാമൂഹ്യ ക്ഷേമ സംഘടനകൾ-സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 17.1355 കോടി രൂപ (നോൺ പ്ലാൻ)

47. 2025-26 സാമ്പത്തിക വർഷം വയോജന സംരക്ഷണ കേന്ദ്രങ്ങൾക്കുള്ള ഗ്രാന്റ് നൽകുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.7104 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-190-98—കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 11 കോടി രൂപ (പ്ലാൻ)

48. ഭിന്നശേഷിക്കാരായ അപേക്ഷകരുടെ എണ്ണത്തിലുണ്ടായ വർദ്ധന, പുതിയ പദ്ധതികളുടെ നടത്തിപ്പ് എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ, പ്രസ്തുത ശീർഷകത്തിൽ 5.9444 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-190-98—കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 30 ലക്ഷം രൂപ (നോൺപ്ലാൻ)

49. കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷന്റെ ഭരണപരമായ ചെലവുകൾക്കായി 2025-26 സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപതമായതിനാൽ, പ്രസ്തുത ശീർഷകത്തിൽ 1.2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-800-98—മിശ്രവിവാഹങ്ങൾ

ബഡ്ജറ്റ് വിഹിതം : 1.9024 കോടി രൂപ (നോൺ പ്ലാൻ)

50. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ 2018 മുതൽ 2025 ജനുവരി 31 വരെ ലഭിച്ച 3616 അപേക്ഷകൾക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ധനസഹായം അനുവദിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത അപേക്ഷകർക്ക് ധനസഹായം അനുവദിക്കുന്നതിന് നിലവിലെ വിഹിതം തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10.848 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-200-79-34—ഭിന്നശേഷിക്കാർക്കുള്ള സംസ്ഥാനതല കമ്മീഷണറേറ്റ് - മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

51. 2025-26 സാമ്പത്തിക വർഷത്തിൽ ഭിന്നശേഷി സമൂഹത്തിന്റെ ക്ഷേമത്തിനും സമഗ്ര ഉന്നമനത്തിനും വേണ്ടി പുതിയ 4 പ്രൊപ്പോസലുകൾ നടപ്പാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപതമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-200-72-02—കേരള സാമൂഹ്യ സുരക്ഷാ മിഷൻ-തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീടിനുള്ളിൽ തന്നെ കഴിയേണ്ടിവരുന്നവരെ പരിചരിക്കുന്നവർക്കുള്ള സഹായം (ആശ്വാസ കിരണം)

ബഡ്ജറ്റ് വിഹിതം : 50 കോടി രൂപ (പ്ലാൻ)

52. ആശ്വാസ കിരണം പദ്ധതിയിൽ ഉൾപ്പെട്ട 19171 ഗുണഭോക്താക്കൾക്ക് 2023 നവംബർ മാസം മുതൽ 2025 മാർച്ച് വരെ ധനസഹായം അനുവദിക്കേണ്ട തുകയായ 19,55,44,200 രൂപയും ലൈഫ് സർട്ടിഫിക്കറ്റ് ലഭിച്ച 8859 ഗുണഭോക്താക്കൾക്ക് 2025 മാർച്ച് മാസം വരെ നൽകേണ്ട കുടിശ്ശിക തുകയായ 4,81,33,800 രൂപയും ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന 28030 ഗുണഭോക്താക്കൾക്ക് 2025-26 സാമ്പത്തിക വർഷം ധനസഹായം നൽകാൻ ആവശ്യമായ 20,18,16,000 രൂപയും പുതിയ അപേക്ഷകർക്ക് 2025-26 സാമ്പത്തിക വർഷം ധനസഹായം നൽകാൻ ആവശ്യമായ 50,40,00,000 രൂപയും ഉൾപ്പെടെ ആകെ, 94,94,94,000 രൂപ ആവശ്യമുള്ളതായി സമിതി മനസിലാക്കുന്നു. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 44.9494 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-200-72-04—എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സമഗ്ര പാക്കേജ്

ബഡ്ജറ്റ് വിഹിതം : 17 കോടി രൂപ (പ്ലാൻ)

53. എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആവശ്യമായ മരുന്നുകൾ, യാത്രാ സൗകര്യം, എംപാനൽ ചെയ്ത ആശുപത്രികൾക്ക് നൽകേണ്ട കുടിശ്ശിക എന്നിവയ്ക്കായി പ്രസ്തുത ശീർഷകത്തിൽ 3.77 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-200-72-07 —വയോമിത്രം

ബഡ്ജറ്റ് വിഹിതം : 27.50 കോടി രൂപ (പ്ലാൻ)

54. 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിൽ മരുന്ന് വാങ്ങിയ വകയിൽ KMSCL-ന് 30 കോടി രൂപ കുടിശ്ശിക ഉള്ളതിനാൽ പ്രസ്തുത ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4235-02-101-95—ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററിന് കീഴിലെ നിർമ്മാണ പ്രവർത്തനങ്ങൾ

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ (പ്ലാൻ)

55. പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ നിർമ്മിക്കുന്നതിനായി 7.63 കോടി രൂപ ആവശ്യമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 4.736 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**വനിതാ ശിശുവികസന വകുപ്പ്**

2235-02-001-90—വനിതാ ശിശുവികസന ഡയറക്ടറാഫീസ്

ബഡ്ജറ്റ് വിഹിതം : 20.2724 കോടി രൂപ (നോൺ പ്ലാൻ)

56. ഔദ്യോഗിക ആവശ്യങ്ങൾക്കായി നിലവിൽ കരാർ അടിസ്ഥാനത്തിലുള്ള വാഹനം ഉപയോഗിക്കുന്ന ഇനത്തിൽ പ്രതി മാസം 60,000 രൂപ നിരക്കിൽ പ്രതിവർഷം 7,20,000 രൂപ ചെലവുവരുന്നതിനാലും കാലപ്പഴക്കംമൂലം 3 വാഹനങ്ങൾ ഉപയോഗരഹിതമായതിനെ തുടർന്ന് കാര്യാലയത്തിലെ അധിക ഡ്രൈവർമാർ ഓഫീസ് അറ്റൻഡൻഡ് തസ്തികയിൽ സേവനം അനുഷ്ഠിച്ചുവരുന്നതിനാലും വാഹനം വാങ്ങുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 21.4 ലക്ഷം രൂപ അധികമായി ധനപുനർ വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-102-89 —കേരള അങ്കണവാടി ജീവനക്കാർക്കുള്ള ക്ഷേമനിധി

ബഡ്ജറ്റ് വിഹിതം : 9 കോടി രൂപ (നോൺ പ്ലാൻ)

57. വിരമിച്ച അങ്കണവാടി ജീവനക്കാർക്ക് കുടിശ്ശിക പെൻഷൻ നൽകുന്നതിനായി 11.22 കോടി രൂപയും ബോർഡിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മറ്റു ജീവനക്കാർ എന്നിവരുടെ ശമ്പളം, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, യാത്രാബത്ത എന്നിവ അനുവദിക്കുന്നതിനായി 14.95 ലക്ഷം രൂപയും ഉൾപ്പെടെ പ്രസ്തുത ശീർഷകത്തിൽ 11.3695 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-102-55—അങ്കണവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലം

ബഡ്ജറ്റ് വിഹിതം : 415.8039 കോടി രൂപ (നോൺ പ്ലാൻ)

58. സംസ്ഥാനത്തെ 258 ഐ.സി.ഡി.എസ്. ഓഫീസുകളിലായി വ്യാപിച്ചു കിടക്കുന്ന 33120 അങ്കണവാടികളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും 1000 രൂപ നിരക്കിൽ 2025-26 സാമ്പത്തിക വർഷം മുതൽ പ്രതിമാസ ഓണറേറിയത്തിൽ വർദ്ധനവ് അനുവദിക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 79.488 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-102-53—ബാലാവകാശ കമ്മീഷൻ

ബഡ്ജറ്റ് വിഹിതം : 4.5654 കോടി രൂപ (നോൺ പ്ലാൻ)

59. കമ്മീഷൻ ചെയർപേഴ്സണ് ഔദ്യോഗിക ആവശ്യങ്ങൾക്കായി സ്ഥിരവാഹനം ഇല്ലാത്തതുമൂലം ഉണ്ടാകുന്ന ഔദ്യോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ദീർഘദൂര യാത്രകൾക്ക് സൗകര്യപ്രദമാകുന്ന വാഹനം വാങ്ങുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 23 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-102-50—നവജാത ശിശുക്കൾക്ക് വേണ്ടിയുള്ള ആദ്യ 1000 ദിന പരിപാടി

ബഡ്ജറ്റ് വിഹിതം : 3.5 കോടി രൂപ (പ്ലാൻ)

60. കുട്ടിയുടെ ആദ്യ 1000 ദിവസങ്ങളിലെ ശരിയായ വളർച്ച ഉറപ്പാക്കുന്നതിനും അമ്മയുടെ ആരോഗ്യത്തിനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ആദ്യ 1000 ദിന പരിപാടിയുടെ ഭാഗമായി ന്യൂട്രീഷൻ ഇനത്തിൽ 3, 4 ക്വാർട്ടറുകളിൽ ഏകദേശം 40 ലക്ഷം രൂപ വീതവും 1000 ദിന ട്രെയിനിംഗ് പ്രോഗ്രാമിലെ 4 ബാച്ച് ട്രെയിനിംഗ് നടത്തുന്നതിനായി 1.56 ലക്ഷം രൂപയും അധികമായി ആവശ്യമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 81.56 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-103-99—സാമൂഹ്യക്ഷേമ ബോർഡ്- അംശദാനം

ബഡ്ജറ്റ് വിഹിതം : 76.20 ലക്ഷം രൂപ (നോൺപ്ലാൻ)

61. 2025-26 സാമ്പത്തിക വർഷത്തേക്ക് സാമൂഹ്യക്ഷേമ ബോർഡിന്റെ ഫിനാൻസ് കമ്മിറ്റി അംഗീകരിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാന വിഹിതമായി 1,30,30,054 രൂപ ആവശ്യമായി വരുന്നു. ഇതിനുപുറമേ 2018-19 വർഷത്തെ ബോർഡിന്റെ ഭരണ ചെലവുകൾക്കായി

കേന്ദ്രബോർഡ് അംഗീകരിച്ച ബഡ്ജറ്റ് പ്രകാരമുള്ള 59,52,225 രൂപയും 2022-23 വർഷത്തെ കേന്ദ്രബോർഡ് അംഗീകരിച്ച റിവൈസ്ഡ് ബഡ്ജറ്റ് പ്രകാരമുള്ള 67,87,475 രൂപയും 2023-24 ൽ സർക്കാർ അംഗീകരിച്ച ബഡ്ജറ്റ് പ്രകാരമുള്ള 96,20,000 രൂപയും ചേർത്ത് ആകെ 2,23,59,700 രൂപ കുടിശ്ശിക ഇനത്തിൽ സർക്കാരിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ആയതിനാൽ, ഈ ശീർഷകത്തിൽ 2.777 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-103-90-02—സ്ത്രീ ശാക്തീകരണത്തിനുള്ള സുപ്രധാന പരിപാടി -കേരള വനിതാ വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 1.1 കോടി രൂപ (പ്ലാൻ)

62. വനിതാ വികസന കോർപ്പറേഷന്റെ ലിംഗാവബോധ പരിശീലന പരിപാടികൾ വിപുലീകരിക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 35 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-103-89—വനിതകൾക്ക് വേണ്ടിയുള്ള ഫിനിഷിംഗ് സ്കൂൾ

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

63. റീച്ച് ഫിനിഷിംഗ് സ്കൂൾ മുഖേന വനിതകൾക്കായി വിവിധ തൊഴിൽ പരിശീലന/ നൈപുണ്യ വികസന പരിപാടികൾ നടപ്പാക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-103-77—വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 48.4 ലക്ഷം രൂപ (നോൺ പ്ലാൻ)

64. വിധവകളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്കും ബിരുദാനന്തരമുള്ള ഉന്നത വിദ്യാഭ്യാസ ധനസഹായത്തിനുമായുള്ള പ്രസ്തുത പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷം 242 ഗുണഭോക്താക്കൾക്ക് നൽകേണ്ട 2,26,82,877 രൂപയും 2023-24 സാമ്പത്തിക വർഷം 278 ഗുണഭോക്താക്കൾക്ക് നൽകേണ്ട 3,40,47,945 രൂപയും ഉൾപ്പെടെ 60,330,822 രൂപ ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 5.549 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-104-99—<u>ശ്രീ ചിത്രാ ഹോം - സഹായധനം</u>

ബഡ്ജറ്റ് വിഹിതം :76.7 ലക്ഷം രൂപ (നോൺപ്ലാൻ)

65. സംസ്ഥാന സർക്കാരിന്റെ 250 കുട്ടികൾക്കായുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനത്തിനുവേണ്ടി 31-സഹായധനം - ശമ്പളം എന്ന ഇനത്തിൽ 52.21 ലക്ഷം രൂപയും 36 - മൂലധനത്തിനുള്ള സഹായധനം എന്ന ഇനത്തിൽ 60 കോടി രൂപയും 36-സഹായധനം- ശമ്പളേതരം എന്ന ഇനത്തിൽ 74.50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ <u>പ്രസ്തുത ശീർഷകത്തിൽ 61.2671 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2235-60-200-72-11—<u>കേരള സാമൂഹ്യ സുരക്ഷാ മിഷൻ - സ്നേഹപൂർവ്വം</u>

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ (പ്ലാൻ)

66. മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കും, മാതാപിതാക്കൾ ജീവിച്ചിരിപ്പുള്ള എച്ച്.ഐ.വി./ എയ്ഡ്സ് ബാധിതരായ കുട്ടികൾക്കും വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പ്രസ്തുത പദ്ധതിയിൽ 2023-24 വർഷത്തെ കുടിശ്ശികയിനത്തിൽ 9.60 കോടി രൂപയും 2024-25 വർഷത്തെ ചെലവുകൾക്കായി 24 കോടി രൂപയും ചേർത്ത് ആകെ 33.6 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. 2025-26 സാമ്പത്തിക വർഷം വകയിരുത്തിയ 20 കോടി രൂപ പദ്ധതി നടത്തിപ്പിന് അപര്യാപ്തമായതിനാൽ, <u>ഈ ശീർഷകത്തിൽ 13.6 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2235-60-200-72-21—<u>പ്രമേഹം ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യസുരക്ഷാ പദ്ധതി</u>

ബഡ്ജറ്റ് വിഹിതം : 3.8 കോടി രൂപ (പ്ലാൻ)

67. 2024-25 സാമ്പത്തിക വർഷം മരുന്ന് വാങ്ങിയ വകയിൽ KMSCL-ന് കുടിശ്ശികയുള്ള 3 കോടി രൂപ നൽകുന്നതിനായി <u>പ്രസ്തുത ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2235-02-190-99—<u>കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ</u>

ബഡ്ജറ്റ് വിഹിതം :15 കോടി രൂപ (പ്ലാൻ)

68. വനിതകൾക്കായുള്ള സ്വയം തൊഴിൽ വായ്പാ വിതരണത്തിനും മറ്റ് തുടർ പദ്ധതികൾക്കുമായി <u>പ്രസ്തുത ശീർഷകത്തിൽ 2.70 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**പൊതുഭരണ വകുപ്പ്**

2235-02-001-87-31—<u>മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ - സഹായധനം - ശമ്പളം</u>

ബഡ്ജറ്റ് വിഹിതം : 1.9916 കോടി രൂപ (നോൺപ്ലാൻ)

69. കമ്മീഷൻ അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും ശമ്പളം, ഡി.എ. അരിയർ, ആർജ്ജിതാവധി ചെലവ് എന്നിവയ്ക്ക് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ <u>പ്രസ്തുത ശീർഷകത്തിൽ 1.4763 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2235-02-190-97-12—<u>കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷനുള്ള ധനസഹായം - സ്കോളർഷിപ്പുകളും സ്റ്റൈപ്പൻഡുകളും</u>

ബഡ്ജറ്റ് വിഹിതം : 12 കോടി രൂപ (പ്ലാൻ)

70. സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ സമർത്ഥരായ കുട്ടികളുടെ തുടർ പഠനത്തിന് ഏറെ സഹായകരമായ വിദ്യാ സമുന്നതി പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു</u>

2235-02-190-97-31—<u>കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമകോർപ്പറേഷൻ - സഹായ ധനം - ശമ്പളം</u>

ബഡ്ജറ്റ് വിഹിതം : 48.72 ലക്ഷം രൂപ (നോൺ പ്ലാൻ)

71. കോർപ്പറേഷനിൽ ചെയർമാനും മാനേജിംഗ് ഡയറക്ടറും നിയമിതരാവുകയും ഇവരുടെ വേതനം, ശമ്പളം ഈ ശീർഷകത്തിൽ നിന്ന് വഹിച്ച് തുടങ്ങുകയും ചെയ്തെങ്കിലും അതിനനുസൃതമായി ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാലും ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഡി.എ., ലീവ് സറണ്ടർ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ചെലവിന് ആനുപാതികമായ തുക വകയിരുത്തിയിട്ടില്ലാത്തതിനാലും <u>പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2235-02-190-97-34-3—കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ - മറ്റിനം

ബഡ്ജറ്റ് വിഹിതം : 13.6 കോടി രൂപ (പ്ലാൻ)

72. 164-ൽ പരം സംവരണേതര ജാതി വിഭാഗത്തിൽപ്പെട്ട അർഹരായ ഗുണഭോക്താക്കളുടെ വീടുകളുടെയും അഗ്രഹാരങ്ങളുടെയും പുനരുദ്ധാരണത്തിനായി ധനസഹായം നൽകി വരുന്ന പ്രസ്തുത പദ്ധതി പ്രകാരം എല്ലാ സംവരണേതര വിഭാഗത്തിൽപ്പെടുന്നവർക്കും ധനസഹായം ലഭ്യമാക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 8.6 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സൈനിക ക്ഷേമ വകുപ്പ്**

2235-60-200-71—ജവാൻമാർക്ക് വേണ്ടിയുള്ള ക്രിസ്തുമസ് - ന്യൂ ഇയർ ബംമ്പർ ലോട്ടറിയുടെ അറ്റാദായം - ഫ്ലാഗ് ഡേ ഫണ്ട് അക്കൗണ്ടിലേക്കുള്ള റിലീസ്

ബഡ്ജറ്റ് വിഹിതം : ഇല്ല (നോൺ പ്ലാൻ)

73. 4-1-2023-ൽ നറുക്കെടുപ്പ് നടന്ന ജയ് ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റ് തുക 12 കോടി 97 ലക്ഷം രൂപയിൽ നിന്നും സൈനിക ക്ഷേമ വകുപ്പിന് നാളിതുവരെ 8.5 കോടി രൂപയാണ് ലഭിച്ചിട്ടുള്ളതെന്നും, ഇനിയും ഈ വകയിൽ 4.47 കോടി രൂപ ലഭിക്കാനുണ്ടെന്നും, ആംഡ് ഫോഴ്സ് ഫ്ലാഗ് ഡേ ഫണ്ടിലേക്ക് ലഭിക്കുന്ന പ്രസ്തുത തുക വിമുക്തഭടന്മാർക്കുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നുവെന്നും ജയ് ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റിൽ നിന്നും തുക ലഭ്യമാകാത്തതിനാൽ നിലവിലുള്ള സ്കീമുകളിൽ നിന്നും വിമുക്തഭടന്മാർക്കും ആശ്രിതർക്കും നൽകി വരുന്ന വിവിധയിനം സാമ്പത്തിക സഹായം വർദ്ധിപ്പിക്കുവാനും പുതിയ സ്കീമുകൾ ഉൾപ്പെടുത്തുവാനും സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുവെന്നും സമിതി നിരീക്ഷിക്കുന്നു. അതിനാൽ ഈ ശീർഷകത്തിൽ 4.47 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

**ആഭ്യന്തര വകുപ്പ്**

2235-02-106-98-56—ദുർഗുണ പരിഹാര പാഠശാല - ഭക്ഷണവും ധനസഹായവും

ബഡ്ജറ്റ്വിഹിതം : 1.9246 കോടി രൂപ (നോൺ പ്ലാൻ)

74. ത്രിവേണി, സപ്ലൈകോ, ഹോർട്ടികോർപ്പ്, മത്സ്യഫെഡ്, മിൽമ, ഗ്യാസ് ഏജൻസി തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ക്രെഡിറ്റ് വ്യവസ്ഥയിൽ വാങ്ങുന്ന സാധനങ്ങളുടെ ബില്ലുകൾ

ഫണ്ടിന്റെ അഭാവത്താൽ കുടിശ്ശികയാകുന്ന സാഹചര്യം ഉള്ളതായി സമിതി മനസ്സിലാക്കുന്നു. വർദ്ധിച്ചുവരുന്ന ചെലവുകൾക്ക് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഒ. ആർ. കേളു,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2025 ഫെബ്രുവരി 27.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.